'ഭരണഭാഷ മാതൃഭാഷ'

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 695 033
ഫോൺ : 0471-2304594, 0471-2303229
ഇ-മെയിൽ :keralatribes@gmail.com

നമ്പർ: STDD/2259/2024-E6 തീയതി :07-07-2024

**വിജ്ഞാപനം**

പട്ടിക വർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ ഓഫീസ് മാനേജ്മെന്റ് ട്രെയിനികളെ തിരഞ്ഞെടുക്കുന്നതിൻറെ ഭാഗമായി സംസ്ഥാനത്തെ പട്ടിക വർഗ്ഗ യുവതി യുവാക്കളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാനത്ത് ഒട്ടാകെയുള്ള 140 ഒഴിവുകളിലേക്ക് എസ്.എസ്.എൽ.സി പാസായവർക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ 01.01.2024 ൽ 18 വയസ് പൂർത്തിയായവരും 35 വയസ് കവിയാത്തവരുമായിരിക്കണം. ബിരുദധാരികൾക്ക് 5 മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കുന്നതായിരിക്കും.

ഉദ്യോഗാർത്ഥികളുടെ വാർഷിക വരുമാനം 1,00,000/- (ഒരു ലക്ഷം രൂപ) രൂപയിൽ കവിയരുത് (കുടുംബ നാഥൻറെ/ സംരക്ഷകന്റെ വരുമാനം) അപേക്ഷകരെ സ്വന്തം ജില്ലയിൽ മാത്രമേ പരിഗണിക്കുകയുള്ളൂ. പരിശീലനത്തിനായി തിരഞ്ഞെടുക്കുന്നവർക്ക് പ്രതിമാസം 10000/- രൂപ( പതിനായിരം രൂപ) ഓണറേറിയം നൽകുന്നതാണ്. നിയമനം അപ്രൻറീസ് ഷിപ്പ് ആക്ട് അനുസരിച്ചുള്ള നിയമങ്ങൾക്ക് വിധേയവും തികച്ചും താല്ക്കാലികവും ഒരുവർഷത്തേക്ക് മാത്രവുമായിരിക്കും.

പട്ടിക വർഗ്ഗ വികസന വകുപ്പിൻറെ അതാത് ജില്ലാ ഓഫീസുകളുടെ കീഴിൽ നടത്തുന്ന എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കും പരിശിലനത്തിന് തിരഞ്ഞെടുക്കുന്നത്. ആപേക്ഷാ ഫോറങ്ങൾ എല്ലാ ഐ.റ്റി.ഡി പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്പ്മെൻറ് ഓഫീസ്/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസു കളിൽ നിന്നും വിതരണം ചെയ്യുന്നതായിരിക്കും. പൂരിപ്പിച്ച അപേക്ഷ അവരുടെ ഐ.റ്റി.ഡി പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്പ്മെൻറ് ഓഫീസ്/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 20.07.2024 ആണ് . ഒരു തവണ പരിശീലനം നേടിയവർ വീണ്ടും അപേക്ഷിക്കാൻ പാടുള്ളതല്ല. തിരഞ്ഞെടുക്കപ്പെടുന്നവർ പരിശീലനത്തിന് റിപ്പോർട്ട് ചെയ്യുമ്പോൾ വരുമാന സർട്ടിഫിക്കറ്റ് , നിലവിലുള്ള റേഷൻ കാർഡ്, വരുമാനം സംബന്ധിച്ചുള്ള 200/- രൂപ മുദ്രപത്രത്തിൽ അഫിഡവിറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

ഡയറക്ടർ

പകർപ്പ് :

1. എല്ലാ ഐ.റ്റി.ഡി പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്പ്മെൻറ് ഓഫീസ്/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ
2. തൊഴിൽ വാർത്ത/തൊഴിൽ വീഥി( പി ആർ ഡി മുഖാന്തിരം)
3. വെബ്സൈറ്റ്
4. നോട്ടീസ് ബോർഡ്
5. കരുതൽ ഫയൽ

Signed by
Meghashree D R
Date: 07-07-2024 22:26:57